KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

**05.05.2009**

# സന്നദ്ധ രക്തദാതാക്കൾക്ക് ഇനി മുതൽ ഏകീകൃത സർട്ടിഫിക്കറ്റ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ രക്തബാങ്കുകൾ സന്നദ്ധ രക്തദാതാക്കൾക്ക് നൽകുന്ന സർട്ടിഫിക്കറ്റ് ഏകീകരിക്കുന്നു. നിലവിൽ ഓരോ രക്തബാങ്കും തങ്ങളുടേതായ സർട്ടിഫിക്കറ്റാണ് നൽകി വരുന്നത്. പുതിയ സർട്ടിഫിക്കറ്റുകൾ അടുത്ത ആഴ്ച മുതൽ വിതരണം ചെയ്യും.

സർക്കാർ രക്തബാങ്കുകളിൽ രക്തം ദാനം ചെയ്യുന്നവർക്കും രക്തദാന ക്യാമ്പിൽ പങ്കെടുക്കുന്നവർക്കും ഇനി നൽകുന്ന സർട്ടിഫിക്കറ്റിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുടെയും അഡീഷണൽ പ്രോജക്ട് ഡയറക്ടറുടെയും ചുമതല പ്പെട്ട മെഡിക്കൽ ഓഫീസറുടേയും ഒപ്പുണ്ടാകും. എയ്ഡസ് നിയന്ത്രണ സൊസൈറ്റിയുടെ ചിഹ്നം ആലേഖനം ചെയ്ത പുതിയ സർട്ടിഫിക്കറ്റ് രക്തദാതാക്കളുടെ ഏകീകരണം സാധ്യമാക്കുമെന്നാണ് സൊസൈറ്റിയുടെ വിലയിരുത്തൽ.

ഓരോ രക്തബാങ്കിന്റെയും മെഡിക്കൽ ഓഫീസർമാർ മാത്രം ഒപ്പിട്ടു നൽകിക്കൊണ്ടിരുന്ന സർട്ടിഫിക്കറ്റിന് പകരമായി പ്രോജക്ട് ഡയറക്ടറുടെ ഒപ്പിട്ട സർട്ടിഫിക്കറ്റ് ദാതാക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുമെന്നും സൊസൈറ്റി പ്രതീക്ഷിക്കുന്നു. ഈ സർട്ടിഫിക്കറ്റ് കൈവശമുള്ള രക്തദാതാക്കൾക്ക് തങ്ങൾക്ക് രക്തത്തിന് ആവശ്യം വരുമ്പോൾ ബുദ്ധിമുട്ടേണ്ടി വരില്ലെന്ന് സൊസൈറ്റി ഉറപ്പു നൽകുന്നുണ്ട്.

സംസ്ഥാനത്ത് 33 സർക്കാർ രക്തബാങ്കുകളാണ് പ്രവർത്തിക്കുന്നത്. ഇതു കൂടാതെ 120ഓളം വരുന്ന ലൈസൻസുള്ള മറ്റു രക്തബാങ്കുകളിലെ ദാതാക്കൾക്കും ഏകീകരിച്ച സർട്ടിഫിക്കറ്റ് നൽകുവാനുള്ള ആലോചനയിലാണ് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**